(5) ഹരിജൻ യുവാവിന്റെ സംശയാസ്പദമായ മരണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, വാമനപുരം പഞ്ചായത്തിലെ തൂങ്ങയിൽ ഹരിജൻ കോളനിയിൽ 20 കുടുംബങ്ങളാണ് താമസിക്കുന്നത്. അതിൽ ഒരു കുടുംബത്തിലെ സുകുമാരൻ എന്ന ഹരിജൻ യുവാവ് കഴിഞ്ഞ 20-ാം തീയതി വൈകുന്നേരം കാഞ്ഞിരംപാറയിൽ ആരും താമസമില്ലാത്ത ഒരു വീട്ടിൽ സംശയാസ്പദമായ രീതിയിൽ തൂങ്ങി മരിച്ചതായി കാണപ്പെട്ടു. സുകുമാരന്റെ ശരീരത്തിൽ നിരവധി പരിക്കുകളുണ്ടായിരുന്നു. ഈ കോളനിയിൽ താമസിക്കാൻ വെളിയിലുള്ളവർ തള്ളിക്കയറിയതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ഒരു സാമൂഹ്യ വിരുദ്ധനും റൗഡിയുമായ ഒരു ബാലകൃഷ്ണൻ നായർ സുകുമാരന്റെ വീടിനു തീ വച്ചതായി ഒരു കേസ് കഴിഞ്ഞയാഴ്ച ഉണ്ടായിരുന്നു. ആ കേസിൽ, പോലീസ് സ്റ്റേഷനിൽ നിന്നും ഊർജ്ജിതമായി അന്വേഷിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ ഈ റൗഡി ബാലകൃഷ്ണൻ നായർ സുകുമാരനെ കഴിഞ്ഞ 19-ാം തീയതി മർദ്ദിച്ചതായി കണ്ടവരുണ്ട്. അവശനായ സുകുമാരനെ പിന്നീട് ആ നാട്ടുകാർ കണ്ടിട്ടില്ല. അങ്ങനെയാണ് 20-ാം തീയതി വൈകുന്നേരം ആരും താമസമില്ലാത്ത കാഞ്ഞിരംപാറയിലുള്ള ഒരു വീട്ടിൽ തൂങ്ങിനിൽക്കുന്നതായി കാണപ്പെട്ടത്. സർ, നാട്ടുകാർക്ക് ഇതൊരു കൊലപാതകമാണെന്ന് സംശയമുണ്ട്. അത് ഒരു കൊലപാതകമാണെന്ന് സംശയിക്കാൻ സാഹചര്യമുണ്ട്. മൃതദേഹം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി പോസ്റ്റുമാർട്ടം നടത്തിയിട്ടുണ്ട്. അത് സംബന്ധിച്ചുള്ള ആ നാട്ടുകാരുടെ സംശയം ശരിയാണെന്നിരിക്കെ അത് ശരിയല്ലാത്തതാകണമെങ്കിൽ വ്യക്തമായ ഒരു അന്വേഷണം നടത്തി നാട്ടുകാരുടെ സംശയം ഇല്ലാതാക്കണം. അല്ലാത്തപക്ഷം ഇതൊരു കൊലപാതകമാണെന്ന് ജനങ്ങൾ ആകെ സംശയിക്കുകയാണ്. അതുപോലെ തന്നെ ഈ റൗഡി ബാലകൃഷ്ണൻ നായർ നടത്തിയിട്ടുള്ളതായി പറയപ്പെടുന്ന തീവയ്പ്, സുകുമാരന്റെ മർദ്ദനം തുടങ്ങിയ കാര്യങ്ങളും സംബന്ധിച്ച് അയാളെ ഇതുവരെ ചോദ്യം ചെയ്തിട്ടില്ല. അതുകൊണ്ട് ഇത് ക്രൈംബ്രാഞ്ചിനു വിടണമെന്നും അതിനെപ്പറ്റി വിശദമായി അന്വേഷണം നടത്തണമെന്നുമാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ കിട്ടിയിട്ടുള്ള റിപ്പോർട്ട് അനുസരിച്ച് സുകുമാരന്റെ വീട് 18-ാം തീയതി വെന്ത് നശിച്ചു എന്നാണ്. പിന്നീട് മനസ്സിലാക്കുന്നത് സുകുമാരനും അദ്ദേഹത്തിന്റെ ഭാര്യ മറിയാമ്മയും കൂടിയാണ് വീടിന് തീവെച്ചതെന്നാണ്. ഏതായാലും ഇക്കാര്യത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്. ഇരുവിഭാഗക്കാർക്കും സംശയമുള്ള ആളുകളെ ഉൾപ്പെടെ അന്വേഷണം നടത്തി. ഈ മരണം നടന്നത് 19-ാം തീയതിക്കും 20-ാം തീയതിക്കുമിടയിലാണ്. ഒരു സ്റ്റോറിനകത്ത് അയാൾ ഉടുത്തിരുന്ന വസ്ത്രത്തിൽ കെട്ടിത്തൂങ്ങി മരിച്ചതായിട്ടാണ് കാണുന്നത്. അതിന്റെ അടുത്തുതന്നെ ഒരു സ്ലിപ്പ് എഴുതിവച്ചിട്ടുണ്ടായിരുന്നു. അതിൽ ഞാൻ ആത്മഹത്യയാണ്, ആരും കൊലപ്പെടുത്തിയതല്ലായെന്ന് കുറിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റുമാർട്ടം റിപ്പോർട്ടിനു വേണ്ടി കാത്തിരിക്കുകയാണ്. സാധാരണഗതിയിൽ ഇതൊരു ആത്മഹത്യയായിട്ടാണ് ഇതുവരെയുള്ള തെളിവുകളും സൂചിപ്പിക്കുന്നത്. ഏതായാലും എന്തെങ്കിലും സംശയമുണ്ടെങ്കിൽ കൂടുതൽ അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly